## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 544 10.06.2014 ലെ മറുപടിയ്ക്ക്

### സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിറ്റുവരവിൽ ഉണ്ടായിട്ടുള്ള കുറവ്

**ചോദ്യം**

ശ്രീ. കെ. രാധാകൃഷ്ണൻ :

(എ) സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിറ്റുവരവിൽ ഈ അടുത്ത കാലത്ത് കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ ഓരോ മാസവും ഓരോ ഭാഗ്യക്കുറിയിലും മുൻകാലത്തെ അപേക്ഷിച്ച് എത്ര കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം വിറ്റുവരവിൽ കുറവുണ്ടാകാനുള്ള സാഹചര്യങ്ങളും കാരണങ്ങളും വിശദമാക്കുമോ ;

(സി) ടിക്കറ്റ് വിൽപ്പനയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങളും ടിക്കറ്റ് വില വർധനയുമാണോ ഇപ്രകാരം വിറ്റുവരവ് കുറയാൻ കാരണമായതെന്ന് കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ;

(ഇ) സംസ്ഥാന ഖജനാവിലേക്കുള്ള പ്രധാന വരുമാനസ്രോതസ്സായ സംസ്ഥാന ഭാഗ്യക്കുറിയുടെ വിറ്റുവരവ് പഴയതുപോലെ നിലനിർത്തുവാനും പാവപ്പെട്ട ഏജന്റുമാർക്കും പൊതുജനങ്ങൾക്കുമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും നടപടികൾ സ്വീകരിക്കുമോ?

**മറുപടി**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

(എ) ടിക്കറ്റ് വിറ്റുവരവിൽ കുറവുണ്ടായിട്ടില്ല. 2013, 2014 എന്നീ വർഷങ്ങളിലെ ആദ്യത്തെ 5 മാസത്തെ വിൽപ്പന കണക്ക് ചുവടെ ചേർക്കുന്നു.

| മാസം | 2013 (കോടിയിൽ) | 2014 (കോടിയിൽ) |
|---|---|---|
| ജനുവരി | 255.54 | 333.81 |
| ഫെബ്രുവരി | 245.36 | 302.61 |
| മാർച്ച് | 283.18 | 391.26 |
| ഏപ്രിൽ | 293.37 | 399.57 |
| മെയ് | 290.28 | 414.00 |

(ബി), (സി), (ഡി), & (ഇ) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

സെക്ഷൻ ഓഫീസർ